പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 291 — 11.12.2018 ൽ മറുപടിയ്ക്ക്

## സ്കൂൾ വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധന

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ. റ്റി.വി.രാജേഷ്<br>ശ്രീ. എം. രാജഗോപാലൻ<br>ശ്രീമതി യു. പ്രതിഭ | | ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്കൂൾ വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധന കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | സ്കൂൾ കുട്ടികളെ കയറ്റുന്ന വാഹനങ്ങൾക്ക് ഉണ്ടായ അപകടങ്ങളുടെ പശ്ചാത്തലത്തിൽ 10/05/2012 ലെ ജി.ഒ (പി) നം. 25/2012 പ്രകാരം സ്കൂൾ വാഹനങ്ങളും സ്കൂൾ വാഹനങ്ങളുടെ ഡ്രൈവർമാരും പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട് (ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്). പ്രസ്തുത ഉത്തരവിൽ പ്രതിപാദിക്കുന്ന എല്ലാ നിബന്ധനകളും പാലിയ്ക്കുന്ന വാഹനങ്ങൾക്ക് മാത്രമേ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ. ഇതുകൂടാതെ എല്ലാ സ്കൂൾ വർഷാരംഭത്തിലും മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർ സ്കൂളിലെത്തി വാഹനങ്ങളുടെ ക്ഷമത പുന:പരിശോധന നടത്തി നിബന്ധനകളെല്ലാം പാലിക്കുന്നു എന്ന് ഉറപ്പുവരുത്തി അത്തരം വാഹനങ്ങൾക്ക് സ്റ്റിക്കർ പതിച്ചുനൽകുകയും ചെയ്യുന്നുണ്ട്. |
| (ബി) | അമിത വേഗതയും അശ്രദ്ധമായ ഡ്രൈവിംഗും മൂലം സ്കൂൾ വാനുകൾ അപകടത്തിൽപ്പെട്ട് കുരുന്നു ജീവനുകൾ പൊലിയുന്ന | (ബി) | സ്കൂൾ ബസുകളിലെ ഡ്രൈവർമാർക്കും സ്കൂൾ കുട്ടികളെ കയറ്റുന്ന മറ്റ് വാഹനങ്ങളിലെ ഡ്രൈവർമാർക്കും കൂടെക്കൂടെ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. സ്കൂൾ മാനേജ്മെന്റിന്റേയും |

| | | | |
|---|---|---|---|
| | സംഭവങ്ങളുടെ പശ്ചാത്തലത്തിൽ ഇത്തരം വാഹനങ്ങളുടെ ഡ്രൈവർമാർക്ക് ആവശ്യമായ ബോധവത്കരണം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | | മാതാപിതാക്കളുടേയും സഹകരണം ഇക്കാര്യത്തിൽ ലഭ്യമാക്കാറുണ്ട്. |
| (സി) | നിയമലംഘനം നടത്തുന്ന ഡ്രൈവർമാരുടെ ലൈസൻസ് റദ്ദാക്കുന്നതുൾപ്പെടെയുള്ള കർശന ശിക്ഷാ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ; | (സി) | അമിത വേഗത, അശ്രദ്ധമായ ഡ്രൈവിംഗ്, മദ്യപിച്ച് വാഹനമോടിക്കൽ, ഡ്രൈവിംഗിനിടയിൽ മൊബൈൽ ഉപയോഗിക്കൽ മറ്റു ട്രാഫിക് നിയമ ലംഘനങ്ങൾ എന്നീ കുറ്റങ്ങൾ ചെയ്യുന്ന ഡ്രൈവർമാർക്കെതിരെ ലൈസൻസ് റദ്ദു ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ നിലവിൽ സ്വീകരിക്കുന്നുണ്ട്. |
| (ഡി) | സ്കൂൾ ബസുകളുടെ വേഗം, യാത്രാപഥം എന്നിവയെല്ലാം നിരീക്ഷിക്കുന്നതിനായി സ്കൂൾ ബസുകളിൽ ജി.പി.എസ് സംവിധാനം ഘടിപ്പിക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | സ്കൂൾ ബസുകളുടെ വേഗത, യാത്രാപഥം എന്നിവ നിരീക്ഷിക്കുന്നതിനായി സ്കൂൾ ബസുകളിൽ ജി.പി.എസ് ഘടിപ്പിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. 27-11-2018 വരെയുള്ള കണക്ക് പ്രകാരം 325 വാഹനങ്ങളിൽ ഉപകരണങ്ങൾ സ്ഥാപിച്ചുകഴിഞ്ഞു. ജി.പി.എസ്. വിവരങ്ങൾ നിരീക്ഷിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിന്റെ ഹെഡ് ഓഫീസിൽ ഒരു മാസ്റ്റർ കൺട്രോൾ റൂമും, 17 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ മിനി കൺട്രോൾ റൂമുകളും സ്ഥാപിച്ചിട്ടുണ്ട്. ഈ സംവിധാനത്തിലൂടെ എൻഫോഴ്സ്മെന്റ് ഏജൻസികൾ, വാഹന ഉടമ, സ്കൂൾ അധികൃതർ, സ്ഥാപന അധികൃതർ, രക്ഷിതാക്കൾ എന്നിവർക്ക് വാഹനത്തിന്റെ സഞ്ചാരപഥം, വേഗത, സമയം തുടങ്ങിയവ നിരീക്ഷിക്കുവാനും സാധിക്കും. ഏതെങ്കിലും തരത്തിലുള്ള അത്യാഹിതങ്ങൾ, വാഹന തകരാറുകൾ, ഗതാഗത തടസ്സങ്ങൾ , അമിത വേഗത, |

| | | | |
|---|---|---|---|
| | | | അപകടകരമായ ഡ്രൈവിംഗ്, സ്കൂൾ കുട്ടികൾ പ്രത്യേകിച്ച് വിദ്യാർത്ഥിനികൾക്കും സ്ത്രീകൾക്കും നേരെ ഉണ്ടാകുന്ന ഉപദ്രവങ്ങൾ എന്നിവയ്ക്കെതിരെ പ്രതികരിച്ചു കൊണ്ട് അപായ സന്ദേശങ്ങൾ നൽകുന്നതിനുള്ള സംവിധാനം (Panic button) ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സന്ദേശങ്ങൾ ആട്ടോമാറ്റിക്കായി എല്ലാ കൺട്രോൾ റൂമുകളിലും, എസ്.എം.എസ്. വഴി വാഹന ഉടമ, സ്കൂൾ അധികൃതർ, സ്ഥാപന അധികൃതർ, രക്ഷിതാക്കൾ, എൻഫോഴ്സ്മെന്റ് ഏജൻസികൾ എന്നിവർക്ക് ലഭിക്കുന്നതുമാണ്. ഉപകരണങ്ങളിൽ ഘടിപ്പിച്ചിരിക്കുന്ന Tilt Sensor കൾ വഴി വാഹനങ്ങൾ 40 ഡിഗ്രിയിലധികം ചരിഞ്ഞാലുടൻ അടിയന്തിര അപായ സന്ദേശങ്ങൾ കൺട്രോൾ റൂമുകളിൽ ആട്ടോമാറ്റിക്കായി ലഭിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

©
Government of Kerala
കേരള സർക്കാർ
2012

Reg. No. രജി. നമ്പർ
KL/TV(N)/12/12-14

# KERALA GAZETTE
# കേരള ഗസറ്റ്
## EXTRAORDINARY
## അസാധാരണം
## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | | |
|---|---|---|---|---|
| Vol. LVII<br>വാല്യം 57 | Thiruvananthapuram, Monday<br>തിരുവനന്തപുരം, തിങ്കൾ | 14th May 2012<br>2012 മേയ് 14<br>24th Vaisakha 1934<br>1934 വൈശാഖം 24 | No.<br>നമ്പർ | 984 |

GOVERNMENT OF KERALA

**Transport (B) Department**

NOTIFICATION

G. O. (P) No. 25/2012/Tran. *Dated, Thiruvananthapuram, 10th May, 2012.*

**S. R. O. No. 343/2012.**—In exercise of the powers conferred by Clause (xii) of sub-section (2) of section 96 of the Motor Vehicles Act, 1988 (Central Act 59 of 1988), the Government of Kerala hereby make the following rules further to amend the Kerala Motor Vehicles Rules, 1989, the same having been previously published as Notification No. 13913/B2/2011/Tran. dated the 10th February, 2012, in the Kerala Gazette Extraordinary No. 332 dated the 18th February, 2012, as required by sub-section (1) of section 212 of the said Act, namely:—

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2012.

33/2035/2012/DTP.

RULES

1. *Short title and commencement.*—(1) These Rules may be called the Kerala Motor Vechicles (Amendment) Rules, 2012.

(2) They shall come into force at once.

2. *Amendment of the Rules.*—In the Kerala Motor Vehicles Rules, 1989 after rule 153 C the following rule shall be inserted, namely:—

"153 D. *Conditions for the grant of the permit of Educational Institution Buses.*—It shall be a condition of the permit of every Educational Institution Bus or transport vehicle which is used for the transportation of school children, that the holder thereof shall ensure that,—

(i) if the vehicle used for transportation of school children is a hired vehicle, a board showing the words "On School Duty" written conspicuously in blue letter on white background is exhibited at the top of the front and rear ends of the vehicle ;

(ii) the vehicle has a First-Aid Box as provided under rule 151 of the Kerala Motor Vehicles Rules, 1989 ;

(iii) the windows of such vehicles are fitted with horizontal grills ;

(iv) there is a fire extinguisher in the vehicle ;

(v) the name and the telephone number of the Educational Institution is written at a prominent place on the vehicle ;

(vi) the doors of such vehicles are fitted with reliable locks;

(vii) there is ample space under the seats for keeping school bags safely ;

(viii) there is a qualified attendant in the vehicle to attend to children ;

(ix) any parents/guardian or teacher shall travel in such vehicle to ensure the safety norms ;

(x) the driver of vehicle has an experience of at least ten years in driving and has an experience of at least five years in driving heavy vehicles ;

(xi) a driver who has been challaned more than twice in a year for offences like red light jumping, violation of lane discipline or allowing unauthorized person to drive is not employed ;

(xii) a driver who has been challaned even once for the offence of over speeding, drunken driving and dangerous driving is not employed ;

(xiii) the details of those who travel in the bus are kept in the vehicle and such details contain name of the traveller, name of the guardian, address and telephone number/mobile number for contact and said list is properly laminated ;

(xiv) the vehicle is subjected to surprise checking by the school authority/office bearers of Parents-Teachers Association in order to watch the behaviour/nature of services rendered by the crew of such vehicle.

By order of the Governor,

K. R. JYOTHILAL,

*Secretary to Government.*

**Explanatory Note**

(This does not form part of the notification, but is intended to indicate its general purport.)

Rule 153 of the Kerala Motor Vehicles Rules, 1989 specifies the conditions for grant of permit of every transport vehicle. In the wake of tragic incidents that took place in Kerala involving vehicles carrying school children, the Ministry of Road Transport and Highways, Government of India have issued guidelines to be followed to ensure the safety of vehicles carrying school children and has reiterated the need for strictly enforcing permit conditions of such vehicles by strengthening the Motor Vehicles Rules with appropriate modifications. Government have examined the matter and decided to make amendments in Rule 153 of the Kerala Motor Vehicles Rules, 1989.

The notification is intended to achieve the above object.